## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3912**

**21.10.2016 - ൽ**
**മറുപടിക്ക്**

### കാർഷിക സർവ്വകലാശാല

| **ചോദ്യം**<br>**ശ്രീ.വി.ടി.ബൽറാം** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കാർഷിക സർവ്വകലാശാലയിൽ അനദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; | **എ)** കാർഷിക സർവ്വകലാശാലയിൽ അനദ്ധ്യാപക വിഭാഗത്തിൽ 891 ഒഴിവുകൾ നിലവിലുണ്ട്. |
| **ബി)** പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ; | **ബി)** നിലവിൽ 26 അനദ്ധ്യാപക തസ്തികകളിലായി 314 ഒഴിവുകൾ സർവ്വകലാശാല പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാല വിഭജിച്ച് വെറ്ററിനറി ഫിഷറീസ് സർവ്വകലാശാലകൾ രൂപീകരിക്കപ്പെട്ടപ്പോൾ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേതുൾപ്പെടെയുള്ള തസ്തികകൾ പുതിയ സർവ്വകലാശാലകളിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചിരുന്നു. ടി നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം ജോലിഭാരം വിലയിരുത്തിയ ബാക്കി തസ്തികകളിലെ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| **സി)** ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്നോ; | **സി)** ഉന്നത . വിദ്യാഭ്യാസ വകുപ്പിന്റെ 18/12/2010-ലെ സ.ഉ. (എം.എസ്) നം.399/10/ ഉ.വി.വ. പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേ യ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| **ഡി)** എങ്കിൽ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ? | **ഡി)** 'ബി' പിരിവിന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**